വയനാട്ടിലെ ജലസേചന പദ്ധതികളുടെ പര്യവേഷണം

31(934) ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വയനാട്ടിലെ നിർദ്ദിഷ്ട ജലസേചന പദ്ധതികളുടെ പര്യവേഷണം എപ്പോൾ തുടങ്ങിയെന്ന് വ്യക്തമാക്കാമോ ;

(ബി) പര്യവേഷണം പൂർത്തിയാക്കാൻ സമയപരിധി നിശ്ചയിച്ചിട്ടുണ്ടോ ;

(സി) എങ്കിൽ എപ്പോൾ പൂർത്തിയാകുമെന്ന് വ്യക്തമാക്കാമോ ;

(ഡി) പര്യവേഷണത്തിന് ഉദ്യോഗസ്ഥൻമാരെ നിയമിച്ചിട്ടുണ്ടോ ;

(ഇ) എങ്കിൽ ഏതെല്ലാം തസ്തികകളിൽ എത്ര വീതമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) തുടങ്ങിയിട്ടില്ല.

(ബി&സി) ഉദിക്കുന്നില്ല.

(ഡി&ഇ) പര്യവേഷണം തുടങ്ങിയിട്ടില്ലാത്തതിനാൽ പ്രത്യേകം ഉദ്യോഗസ്ഥരെ നിയമിച്ചിട്ടില്ല.

ആലപ്പുഴ നഗരത്തിലെ കനാലുകൾ നവീകരിക്കുന്നതിന് പദ്ധതി

32(935) ശ്രീ. കെ. സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലപ്പുഴ നഗരത്തിലെ കനാലുകൾ നവീകരിക്കുന്നതിനും മാലിന്യങ്ങൾ ഒഴിവാക്കി ശുദ്ധീകരിക്കുന്നതിനും നഗരം ശുചിത്വമുള്ളതാക്കുന്നതിനും വേണ്ടി എന്തെങ്കിലും പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ ;

(ബി) ഇത് സംബന്ധിച്ച് ബന്ധപ്പെട്ട വകുപ്പുകളെ ഏകോപിപ്പിച്ച് പ്രവർത്തിക്കുന്നതിന് സ്വയംഭരണാധികാരമുള്ള ഒരു സംവിധാനം ഉണ്ടാക്കുന്നതിനെക്കുറിച്ച് എന്തെങ്കിലും കൂടിയാലോചന നടത്തിയിട്ടുണ്ടോ എന്ന് വെളിപ്പെടുത്തുമോ ;

(സി) ഇത് സംബന്ധിച്ച് ആലപ്പുഴ എം.എൽ.എ നൽകിയ നിവേദനത്തിന്റെ അടിസ്ഥാനത്തിൽ ഉന്നതതല യോഗം വിളിച്ചിരുന്നുവോ ;

(ഡി) എങ്കിൽ യോഗ തീരുമാനങ്ങൾ എന്തെക്കൊയാണ് ; വിശദമാക്കുമോ ;

(ഇ) യോഗതീരുമാനങ്ങൾ നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ആലപ്പുഴ നഗരത്തിലെ കനാലുകൾ നവീകരിക്കുന്നതിനും നഗരം ശുചിത്വമുള്ളതാക്കുന്നതിനുമായി ഇറിഗേഷൻ വകുപ്പ് 22.51 കോടി രൂപ ചെലവ്

LIBRARY ARCHIVES Kerala Legislative Assembly

പ്രതീക്ഷിക്കുന്ന ഒരു പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുകയുണ്ടായി. എന്നാൽ ബന്ധപ്പെട്ട കുറെകൂടി വകുപ്പുകളുടെ പങ്കാളിത്തം ഉറപ്പുവരുത്തിക്കൊണ്ടും നബാർഡ് പോലുള്ള ധനകാര്യസ്ഥാപനങ്ങളിൽ നിന്നും സഹായം ലഭ്യമാകത്തക്കവിധത്തിലും പ്രസ്തുത റിപ്പോർട്ട് പരിഷ്കരിക്കുന്നതിന് 'നാട്ടുപാക്കി'നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പുതുക്കിയ റിപ്പോർട്ട് മാർച്ച് മാസം അവസാനത്തോടെ ലഭ്യമാകുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി,സി,ഡി&ഇ) 12-1-2000-ൽ ജലസേചനവും തൊഴിലും വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ആലപ്പുഴ നഗരത്തിലെ കനാലുകൾ നവീകരിക്കുന്നതിനും നഗരം ശുചിത്വമുള്ളതാക്കുന്നതും സംബന്ധിച്ച് ചർച്ച ചെയ്യുന്നതിനായി ബന്ധപ്പെട്ട വകുപ്പ് മന്ത്രിമാർ, എം.പി., എം.എൽ.എ., വകുപ്പുകളുടെ പ്രതിനിധികൾ എന്നിവരുടെ ഒരു ഉന്നതതല യോഗം വിളിച്ച് കൂട്ടുകയുണ്ടായി. പ്രസ്തുത യോഗത്തിൽ അടുത്ത വർഷത്തെ ബഡ്ജറ്റിൽ കഴിയുന്നത്ര തുക ഈ സ്കീമിനു വേണ്ടി വക കൊള്ളിക്കുന്നതിനും കൂടാതെ നബാർഡുപോലുള്ള ധനകാര്യസ്ഥാപനങ്ങളെ സമീപിക്കുന്നതിനും തീരുമാനിച്ചു. ഇറിഗേഷൻ വകുപ്പ് തയ്യാറാക്കിയ പ്രോജക്ട് റിപ്പോർട്ട് ബന്ധപ്പെട്ട കൂടുതൽ വകുപ്പുകളുടെ പങ്കാളിത്തം ഉറപ്പ് വരുത്തിക്കൊണ്ടും പുറമേ നിന്നുള്ള ധനകാര്യസ്ഥാപനങ്ങളിൽ നിന്നും സഹായം ലഭ്യമാക്കുന്നവിധത്തിലും പരിഷ്ക്കരിക്കുന്നതിന് നാട്ടുപാക്കിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത പുതുക്കിയ റിപ്പോർട്ട് ലഭിച്ച് കഴിഞ്ഞാലുടൻ അനന്തര നടപടികൾ കൈക്കൊള്ളുന്നതാണ്.

വയനാട് ജില്ലയിലെ ജലസേചന പദ്ധതികൾ

33(936) ശ്രീ. വർഗ്ഗീസ് വൈദ്യർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വയനാട് ജില്ലയിലെ ജലസേചന പദ്ധതികളെക്കുറിച്ച് ആലോചിക്കുന്നതിന് 2000 ജനുവരിയിൽ വയനാട് കളക്ടറേറ്റിൽ ജലസേചന വകുപ്പ് സെക്രട്ടറി വിളിച്ച് ചേർത്ത ജില്ലയിലെ ജനപ്രതിനിധികളുടെയും രാഷ്ട്രീയപാർട്ടിപ്രതിനിധികളുടെയും യോഗത്തിൽ പങ്കെടുത്തവരുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) വയനാട്ടിൽ വൻകിട ജലസേചന പദ്ധതികൾ ഒഴിവാക്കി പകരം വെള്ളം തടഞ്ഞ് നിർത്തുന്നതിന് ചെറിയ തടയണകൾ നിർമ്മിക്കണമെന്ന ആവശ്യം പരിഗണിക്കുമോ ; എങ്കിൽ ഇതിനാവശ്യമായ നടപടികൾ കൈക്കൊള്ളുമോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) ഉണ്ട്. കാവേരി ജലതർക്ക ട്രൈബൂണലിൽ കേരളം അവകാശം ഉന്നയിച്ചിട്ടുള്ള ജലം ഉപയുക്തമാക്കാൻ ഉതകുന്ന തരത്തിലുള്ള പദ്ധതികൾ ആവിഷ്ക്കരിച്ചാൽ ട്രൈബൂണലിന്റെ അന്തിമ വിധി കേരളത്തിന് കൂടുതൽ ഗുണകരമാകാം എന്ന വസ്തുത കൂടി കണക്കിലെടുത്ത് തടയണകൾ പോലുള്ള ചെറുപദ്ധതികളുടെ കാര്യം പരിഗണിക്കാനാകും. ജനപ്രതിനിധികളും,

LIBRARY ARCHIVES Kerala Legislative Assembly